പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --1333 30. 09.2011- ലെ മറുപടിക്ക്

# പ്രവാസികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശങ്ങളിലെയും ഗൾഫ് രാജ്യങ്ങളിലെയും വിവിധ മേഖലകളിൽ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) പ്രവാസികൾക്ക് അടിയന്തിര സഹായം ആവശ്യമായി വരുന്ന ലിബിയ /യെമൻ ആഭ്യന്തര കലാപം ഉടലെടുത്ത സമാനമായ സന്ദർഭങ്ങളിൽ ഈ വകുപ്പ് അവസരോചിതമായി നടപടി സ്വീകരിക്കുകയും പ്രവാസികൾക്ക് വേണ്ടുന്ന സഹായം എത്തിക്കാൻ മുൻകൈ എടുക്കുകയും ചെയ്യുന്നുണ്ട്. അത് പോലെ വിദേശങ്ങളിൽ ശിക്ഷിക്കപ്പെട്ട് കഴിയുന്ന മലയാളികളുടെ പരാതികളും, വീട്ടു ജോലിക്കായി വിദേശങ്ങളിൽ പോകുന്ന സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നതായുള്ള പരാതികളും ലഭിക്കാറുണ്ട്. പരാതികൾ ബന്ധപ്പെട്ട എംബസികളുടെ ശ്രദ്ധയിൽ കൊണ്ടു വരുകയും അവരെ മോചിപ്പിച്ച് നാട്ടിൽ എത്തിക്കുന്നതിനു വേണ്ടുന്ന സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ പ്രവാസി വിദേശത്ത് നേരിടുന്ന ഏത് പ്രശ്നത്തിനും |

സർക്കാരിന്റെ സഹായം അഭ്യർത്ഥിക്കുന്ന മുറയ്ക്ക് , അവ എംബസ്സിയുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വേണ്ട നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) പ്രസ്തുത പ്രശ്നങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പരിഗണനയിൽ വരുന്നത് വൈകിപ്പോകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യക്തിപരമായ പ്രശ്നങ്ങൾ പ്രസ്തുത വ്യക്തികളോ ബന്ധുക്കളോ സമർപ്പിക്കുന്നതുകൊണ്ടും പൊതു പ്രശ്നങ്ങൾ സംഘടനകളോ സന്നദ്ധസംഘടനകളോ ശ്രദ്ധയിൽകൊണ്ടുവരുന്നതിനാലും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത് പരിഹരിക്കുന്നതിനായി പ്രവാസികളുടെ രക്ഷയ്ക്ക് കൺസൾട്ടന്റുമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി & ഡി) സൗദി അറേബ്യയിലും യു.എ. ഇ. യിലും അടിയന്തിരഘട്ടങ്ങളിൽ പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രതിനിധിയായി പ്രവർത്തിക്കുന്നതിനും, നോർക്ക - റൂട്ട്സിന്റെ ജോബ് പോർട്ടലും, ജോലി റിക്രൂട്ട്മെന്റും ഈ രാജ്യങ്ങളിൽ വ്യാപിപ്പിക്കുന്നതിനുമായി നോർക്ക - റൂട്ട്സ് കൺസൾട്ടന്റായി സൗദി അറേബ്യയിൽ ശ്രീ. ഷിഹാബ് കൊട്ടുകാടിനെയും, യു. എ. ഇ. യിൽ ശ്രീ. സത്യരാജ് അൽഫോൺസിനെയും നിയമിച്ചിട്ടുണ്ട്.

(ഇ) കൺസൾട്ടന്റുമാരുടെ പ്രവർത്തന രീതി എപ്രകാരമായിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത് ?

(ഇ) നോർക്ക - റൂട്ട്സ് ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽ ദാതാക്കളുടെ തൊഴിലവസരങ്ങൾ പരസ്യപ്പെടുത്തുന്നതിനുമുമ്പ് അവരുടെ വിശ്വാസ്യത ഉറപ്പു വരുത്തുന്നതിനും, ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന കമ്പനികളുടെ വിവരങ്ങൾ പരിശോധിക്കുന്നതിനും, കമ്പനികളുമായി ലയ്സൺ ജോലികൾ

ചെയ്യുന്നതിനും, കൂടുതൽ തൊഴിൽ ദാതാക്കളെ ആകർഷിക്കുന്നതിനുമാണ് റെസിഡന്റ് റെപ്രസെന്റേറ്റീവുകളെ നിയോഗിച്ചിട്ടുള്ളത്. ഇതുവഴി യു.എ. ഇ, സൗദി അറേബ്യ എന്നിവിടങ്ങളിലെ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ട് കരാറിൽ ഏർപ്പെടാനും കൂടുതൽ തൊഴിൽ അവസരങ്ങൾ കേരളത്തിലെ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കാനും കഴിയും. ഇതിനോടൊപ്പം ഈയിടെ സൗദി അറേബ്യയിലെ റിയാദിൽ നടന്ന തീപിടുത്ത ദുരന്തം പോലുള്ള സമാനമായ അടിയന്തിര സാഹചര്യങ്ങളിൽ നോർക്ക – റൂട്ട്സിന്റെ പ്രതിനിധിയായി പ്രവർത്തിക്കുന്നതിനും റസിഡന്റ് റെപ്രസന്റേറ്റീവുമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ